## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4212 21/07/2015-ൽ മറുപടിയ്ക്ക്

## ഓണക്കാലത്തെ അവശ്യപച്ചക്കറികളുടെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഓണക്കാലത്ത് എത്ര ടൺ പച്ചക്കറികളുടെ ആവശ്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) ഓണക്കാലത്ത് ഏകദേശം 24000 മെട്രിക് ടൺ പച്ചക്കറികൾ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| ബി) ഇതിൽ എത്ര ടൺ ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; | ബി) ഇതിൽ 11500 മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) സംസ്ഥാനത്തിന് പുറത്തുനിന്നു വരുന്ന പച്ചക്കറികളിൽ വലിയ തോതിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായ വാർത്തകൾ കണക്കിലെടുത്ത് ഓണക്കാലത്ത് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | സി) ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് മുന്നോടിയായി ഈ വർഷം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി സമഗ്ര വികസന പദ്ധതിയിലൂടെ 266 ക്ലസ്റ്റർ മുഖാന്തിരം 1330 ഹെക്ടറിൽ നിന്നും രാസകീടനാശിനി വിമുക്തമായ ഏകദേശം 11500 മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. ഇതോടൊപ്പം സ്കൂൾ കുട്ടികൾക്കും, വീട്ടമ്മമാർക്കും വീട്ടുവളപ്പിൽ വിഷവിമുക്തമായ പച്ചക്കറി ഉല്പാദനത്തിനായി 1664289 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതിലൂടെ ഏകദേശം 6656 മെട്രിക് ടൺ പച്ചക്കറി ഓണക്കാലത്തേയ്ക്ക് ഉല്പാദിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ